DESPATCHED
19|01|23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

**പുന്നൻ റോഡ്, തിരുവനന്തപുരം 695 001**
Tel 0471 2561613, 2561614, 2561615, Fax: 0471 2330920
Email:- sic.ker@nic.in

AP No. 1347(3)/2022/SIC തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
File No. 14299/ SIC-G1/2022
(ഉത്തരവുകൾ sic.kerala.gov.in ൽ ലഭ്യമാണ്)

സന്നിഹിതൻ

ശ്രീ. എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി : 05/01/2023

ശ്രീ. സുരേഷ്. എം
മഠത്തിൽ, സി.എം.സി - 13
ചേർത്തല, ആലപ്പുഴ - 688 524.
} പരാതി ഹർജിക്കാരൻ

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഹെഡ് ക്ലർക്ക്,
കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത്,
എസ്.എൻ പുരം പി.ഒ, ആലപ്പുഴ.

അപ്പീൽ അധികാരി &
ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ,
കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത്,
എസ്.എൻ പുരം പി.ഒ, ആലപ്പുഴ.
} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. സുരേഷ്. എം കമ്മീഷൻ മുമ്പാകെ സമർപ്പിച്ച മേൽ അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച 6(1) അപേക്ഷയ്ക്ക് ലഭ്യമായ മറുപടി പൂർണ്ണമല്ലാത്തതിനാൽ അതിനെതിരെ വെബ്സൈറ്റിൽ ലഭ്യമായ അപ്പീൽ അധികാരിയുടെ അഡ്രസ്സിൽ അപ്പീൽ നൽകിയതായും ആയത് മടങ്ങി വന്നതായുമാണ് ആരോപിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ എസ്.പി.ഐ.ഒ 19/11/2022 ൽ സമർപ്പിച്ച റിപ്പോർട്ട് കമ്മീഷൻ ബന്ധപ്പെട്ട രേഖകൾ സഹിതം വിശദമായി പരിശോധിച്ചു. ഹർജിക്കാരൻ 6(1) അപേക്ഷയിൽ ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും 18/01/2023 നകം ഹർജിക്കാരന് ലഭ്യമാക്കി കൈപ്പറ്റ രസീത് 25/01/2023 നകം കമ്മീഷനിൽ സമർപ്പിക്കേണ്ടതാണ് എന്ന് എസ്.പി.ഐ.ഒ യ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഈ അപ്പീൽ ഹർജിയിൽ കമ്മീഷന്റെ താത്കാലിക ഉത്തരവ് ഇന്നേ ദിവസം 2023, ജനുവരി മാസം 5-ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം**
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM